**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1756** **15-03-2022 - ൽ മറുപടിയ്ക്ക്**

**അംഗൻവാടി ട്രെയിനിങ് സെന്ററുകളിലെ ജീവനക്കാരുടെ ശമ്പള വർദ്ധനവും തൊഴിൽ സംരക്ഷണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ഉൾപ്പെടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗൻവാടി ട്രെയിനിങ് സെന്ററുകളിലെ ജീവനക്കാരുടെ ശമ്പള വർദ്ധനവും തൊഴിൽ സംരക്ഷണവും സംബന്ധിച്ച പ്രശ്നത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | അങ്കണവാടി പരിശീലന പദ്ധതി 60% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് NGO ഉടമസ്ഥതയിലുള്ള ട്രെയിനിംഗ് സെന്ററുകൾ മുഖേനയാണ് ട്രെയിനിംഗ് സംഘടിപ്പിച്ചു വന്നിരുന്നത്. നിലവിൽ 2020 മാർച്ച് വരെ ട്രെയിനിംഗ് നടത്തുന്നതിനുള്ള അനുമതിയാണ് കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമായിട്ടുള്ളത്. 2020-21, 2021-22 വർഷങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാർ നൽകിയിട്ടില്ല. 2018-19 വർഷത്തോട് കൂടി റിഫ്രഷർ പരിശീലനം കേന്ദ്ര സർക്കാർ നിർത്തലാക്കി. 2019-20 വർഷം ജോബ് ട്രെയിനിംഗ് സംഘടിപ്പിക്കുന്നതിനുള്ള കേന്ദ്ര നിർദ്ദേശത്തിൽ തുടർന്നുള്ള വർഷങ്ങളിൽ NGOകൾക്ക് ഫണ്ട് നൽകിയില്ലായെന്നും, ട്രെയിനിംഗ് സർക്കാർ നേരിട്ട് നടത്തണമെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. ആയതിനാലാണ് 2019-20 വർഷത്തിന് ശേഷം ട്രെയിനിംഗ് നടത്തുന്നതിന് കാസർഗോഡ് ജില്ല ഉൾപ്പെടെയുള്ള ട്രെയിനിംഗ് സെന്ററുകൾക്ക് അനുമതി നൽകാൻ കഴിയാതിരുന്നത്. ട്രെയിനിംഗ് സെന്റർ ജീവനക്കാരുടെ ശമ്പള വർദ്ധനവ് കേന്ദ്ര സർക്കാർ മാർഗ്ഗ നിർദ്ദേശത്തിന്റെ പരിധിയിൽ വരുന്നതാകയാൽ വകുപ്പിന് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയില്ല. |
| (ബി) | വർഷങ്ങളായി ഈ മേഖലയിൽ പണിയെടുത്തവരുടെ സംരക്ഷണം സർക്കാർ ഏറ്റെടുക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ